കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്
സീമാറ്റ്-കേരള
തിരുവനന്തപുരം

# വിദ്യാരംഗം

## ഹൈസ്കൂൾതല സർഗോത്സവം
## സ്കൂൾതല മാർഗരേഖ 2017
## (കരട്)

---


**STATE INSTITUTE OF EDUCATIONAL MANAGEMENT AND TRAINING - KERALA**
**(SIEMAT-KERALA)**
**Govt. Central High School Campus, Attakulangara,**
**Thiruvananthapuram-695036**
**Phone No: 0471-2460343, Fax: 0471-2460343**
**E-mail:siematkeralatvm@gmail.com Website: www.siemat.kerala.gov.in**

# ആമുഖം

കേരളം രൂപം കൊണ്ടതിന്റെ അറുപതാം വാർഷികാഘോഷ വേളയിലാണ് ഈ വർഷത്തെ വിദ്യാരംഗം പ്രവർത്തനങ്ങൾ നടക്കുന്നത്. കേരളപ്പിറവിയുടെ ആഘോഷത്തെ വിദ്യാരംഗം പ്രവർത്തനങ്ങളുമായ സംയോജിപ്പിച്ച് നടത്തുവാൻ ശ്രമിക്കേണ്ടതുണ്ട്. ആറു പതിറ്റാണ്ടുകൾ കേരളത്തിന്റെ സാമൂഹിക സാംസ്കാരിക സാഹിത്യമേഖലകളിലുണ്ടാക്കിയ മാറ്റം/ചലനങ്ങൾ വിദ്യാർഥികളുടെ അനുഭവമണ്ഡലത്തിലൂടെ കടത്തിവിടുന്നതിനുള്ള അവസരമായി ഈ വർഷത്തെ സർഗോത്സവം പ്രവർത്തനങ്ങൾ മാറുന്നത് ഉചിതമാവും. സ്കൂൾതലത്തിൽ ഇതുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ വിദ്യാരംഗം പ്രവർത്തനങ്ങളുമായി കണ്ണിചേർത്തു നടപ്പാക്കുവാൻ ചുമതലപ്പെട്ടവർ യത്നിക്കണം. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂൾതലത്തിലേക്ക് എത്തുന്ന മാനുഷികവിഭവങ്ങളെ ഉചിതമായി പ്രയോജനപ്പെടുത്തുവാനുള്ള ഉത്തരവാദിത്തവും വിദ്യാരംഗം പ്രവർത്തകർക്ക് ഉണ്ടാവും. ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാരംഗത്തിന്റെ പരിപാടികൾ നടത്താനുള്ള മുഖ്യചുമതല അതത് ക്ലാസ് ടീച്ചർമാർക്കാണ്. ഇക്കാര്യത്തിൽ നേതൃത്വം നൽകാൻ കഴിയുന്ന മറ്റദ്ധ്യാപകരുടെ സഹകരണം ക്ലാസ് ടീച്ചർ ഉറപ്പാക്കുമല്ലോ. ഇത് കരടു മാർഗ്ഗരേഖയാണ്. കൂടുതൽ പ്രവർത്തനങ്ങൾ കൂട്ടിച്ചേർത്തു സമ്പുഷ്ടമാക്കുകയും സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യുമല്ലോ.

കെ.സി.അലി ഇക്ബണന്റ
എഡിറ്റർ
വിദ്യാരംഗം

കെ.വി.മോഹൻകുമാർ ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

# വിദ്യാരംഗം പ്രവർത്തനങ്ങൾ 2017–18

| ക്രമ. നമ്പർ | തീയതി/ കാലയളവ് | ദിനം | പ്രവർത്തന പരിപാടി |
|---|---|---|---|
| 1 | ജൂൺ – 5 | പരിസ്ഥിതി ദിനം | പരിസ്ഥിതിയും സാഹിത്യവും |
| 2 | ജൂൺ – 19 മുതൽ 6 ദിവസം | വായനവാരം | വായനവാരം |
| 3 | ജൂലൈ – 21 | ചാന്ദ്രദിനം | അമ്പിളിക്കാലം |
| 4 | ആഗസ്റ്റ് – 15 | സ്വാതന്ത്ര്യ ദിനം | സ്വാതന്ത്ര്യപ്പുലരി |
| 5 | ചിങ്ങം – 1 | മലയാള വർഷാരംഭം | ചിങ്ങച്ചിന്ത് |
| 6 | സെപ്റ്റംബർ – 5 | അധ്യാപക ദിനം | എന്റെ ടീച്ചർ |
| 7 | ഓണക്കാലം – | ഓണം | പൂക്കളം |
| 8 | സെപ്റ്റംബർ – 21 | ശ്രീനാരായണ ഗുരു സമാധി | ഗുരു സ്മരണ |
| 9 | ഒക്ടോബർ – 2 | ഗാന്ധിജയന്തി | കുറ്റിപ്പെൻസിൽ |
| 10 | നവംബർ – 1 | കേരളപ്പിറവി ദിനം | പിറവിയാഘോഷം |
| 11 | നവംബർ – 14 | ശിശുദിനം | പനിനീർപ്പൂ |
| 12 | നവംബർ – 20 | അന്താരാഷ്ട്ര ബാലാവകാശ ദിനം | എനിക്കും ....! |
| 13 | ജനുവരി – 1 | പുതുവർഷാരംഭം | പുതുവർഷത്തുള്ളി |
| 14 | ജനുവരി – 24 | ദേശീയ ബാലികാ ദിനം | ജ്യോതിസ് |
| 15 | ഫെബ്രുവരി – 21 | ലോക മാതൃദിനം | ഭാഷോത്സവം |

## ഹരിതാഭം – മലയാള ഭാഷയും പരിസ്ഥിതിയും

***ജൂൺ 5 – ലോക പരിസ്ഥിതി ദിനം***

ലോക പരിസ്ഥിതി ദിനമാണല്ലോ ജൂൺ അഞ്ച്. ഈ വർഷത്തെ പരിസ്ഥിതി ദിന മുദ്രാ വാക്യം ഈീിലരശേീഴ ജലീുഹല ീ ചമൗേൃല – കി വേല രശ്യേ, ീി വേല ഹമിറ, ളൃീാ വേല ുീഹലെ ീ വേല ലൂൗമീൃ (ജനങ്ങളെ പ്രകൃതിയോടടുപ്പിക്കുക - നാട്ടിലും നഗരത്തിലും ധ്രുവപ്രദേശം മുതൽ ഭൂമധ്യരേഖവരെയും) എന്നതാണ്. ഈ ദിനത്തിൽ നമുക്കൊരു ഗാനം കേൾക്കാം. ഇഞ്ചക്കാട് ബാലചന്ദ്രൻ രചിച്ച ഇനിവരുന്നൊരുതലമുറയ്ക്ക് എന്ന ഗാനം കേൾപ്പിക്കുന്നു. ധഥീൗഠൗയലൽപ നിന്നും ആലപിക്കുന്നു. ധഅനുബന്ധം - 1പ

ഇത് ഒരു പരിസ്ഥിതി ജാഥയ്ക്കുവേണ്ടി തയ്യാറാക്കിയ ഗാനമാണ്. എൺപതുകളുടെ തുടക്കത്തിൽ പരിസ്ഥിതി സംബന്ധമായ ധാരാളം രചനകൾ മലയാളത്തിൽ പിറന്നു. അവയിലേറെ പ്രശസ്തമായതാണ് ഒ.എൻ.വി.യുടെ ഭൂമിക്കൊരു ചരമഗീതം. ധഅനുബന്ധം - 2പ

ഈ രചനകളെ ആസ്പദമാക്കി ചർച്ച തുടങ്ങുന്നു.

- എന്തു കൊണ്ടാണ് ഇത്തരം കവിതകളെഴുതേണ്ടി വന്നത് ?
- ''സ്വാർത്ഥ ചിന്തകളുള്ളിലേറ്റി സുഖങ്ങളെല്ലാം കവരുവോർ
  ചുട്ടെരിച്ചുകളഞ്ഞുവോ ഭൂമി തന്നുടെ നന്മകൾ'' എന്ന് കവി ആശങ്കപ്പെടാനിടയായ സാഹചര്യങ്ങളെന്ത് ?
- ഹരിത മൃദുകഞ്ചുകം തെല്ലൊന്നു നീക്കി നീ-<br>യരുളിയ മുലപ്പാൽ കുടിച്ചു തെഴുത്തവർ ;<br>ക്കൊരു ദാഹമുണ്ടായൊടുക്കത്തെ ദാഹം<br>തിരുഹൃദയ രക്തം കുടിക്കാൻ
- എന്താണ് ഭൂമി നൽകുന്ന മുലപ്പാൽ ?<br>ഇതു മുലപ്പാലാണെന്നു കരുതാൻ എന്താണു കാരണം ?
- ▪ ഉറവജലത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് മുലപ്പാലിനോടു സാദൃശ്യപ്പെടുത്തിയപ്പോൾ നമുക്കു ലഭിക്കുന്നത് ?
- ചർച്ചയിൽ ക്രോഡീകരിക്കപ്പെടേണ്ട ആശയങ്ങൾ
- പ്രകൃതി അമ്മയെപ്പോലെ തന്നെയാണ്.
- പ്രകൃതി വലിയ ഭീഷണികളെ നേരിടുന്നു.
- അതിൽ മനുഷ്യന്റെ തെറ്റായ വികസന സങ്കല്പങ്ങൾക്കു വലിയപങ്കുണ്ട്.
- പ്രകൃതിയെ സംരക്ഷിക്കാൻ കടമയുള്ളവരാണ് നാം
- പ്രകൃതിചൂഷണത്തിനെതിരെ പ്രവർത്തിക്കാൻ നാം തയ്യാറാകണം.

ക്രോഡീകരിച്ചവ രേഖപ്പെടുത്തണം.

ഇന്ന് നമ്മുടെ മുന്നിലനുഭവപ്പെടന്ന പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ ഉൾപ്പെടുത്തി ഒരു രചന നടത്താൻ കുട്ടികളെ പ്രേരിപ്പിക്കുന്നു. (കഥ, കവിത, അനുഭവക്കുറിപ്പ്, കാർട്ടൂൺ, ചിത്രം, തിരക്കഥ തുടങ്ങി ഏതു രൂപത്തിലുമാകാം). പരസ്പരം കൈമാറി രചനകൾ മെച്ചപ്പെടുത്തുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു. ടീച്ചറുടെ നേതൃത്വത്തിൽ എഡിറ്റിംഗ് നടത്തുന്നു. പതിവ് അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നു. തിരികെ വാങ്ങി സ്കൂൾ ലൈബ്രറിയിൽ സൂക്ഷിക്കുന്നു.

(1) അനുബന്ധ പ്രവർത്തനങ്ങൾ

പരിസ്ഥിതി സംബന്ധമായ കൃതികളുടെ വായന

1. നിശ്ശബ്ദ വസന്തം - റേച്ചൽ കാർസൺ
2. പ്രകൃതി ഗീതങ്ങൾ (കവിതകൾ) - കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്
3. എൻ മകജെ - അംബികാസുതൻ മാങ്ങാട്
4. പരിസ്ഥിതി കവിതകൾ - നാഷണൽ ബുക് സ്റ്റാൾ

കവിതകൾ

കുറ്റിപ്പുറം പാലം - ഇടശ്ശേരി

ഒരു തൈ നടുമ്പോൾ - ഒ.എൻ.വി

കാട് - ഡി.വിനയചന്ദ്രൻ

ഒരു പാട്ട് പിന്നെയും - സുഗതകുമാരി

കുഞ്ഞേ മുലപ്പാൽ കുടിക്കരുത് - കടമ്മനിട്ട രാമകൃഷ്ണൻ

അസഹ്യൻ - കുരീപ്പുഴ ശ്രീകുമാർ

സിനിമ

ആദാമിന്റെ മകൻ അബു

(2) പഴയകാല മലയാള കവിതകളിലെയും ആദ്യകാല നോവലുകളിലെയും പ്രകൃതി വർണനകൾ കണ്ടെത്തി അവതരിപ്പിക്കുക. ഇന്നത്തെ അവസ്ഥയുമായി താരതമ്യം ചെയ്തു കുറിപ്പു തയ്യാറാക്കി അവതരിപ്പിക്കുക.

വായനപൂക്കുന്ന കാലം

വായനവാരാചരണം - ജൂൺ - 19-26

പുസ്തകങ്ങൾ - എൻ.വി കൃഷ്ണവാരിയരുടെ കവിത (അനുബന്ധം .......................)

കവിത വായന

പൊതുവായി ചാർട്ടിൽ എഴുതി/ആവശ്യത്തിനു ഫോട്ടോകോപ്പികൾ കുട്ടികൾക്കു വിതരണം ചെയ്തു വെന്ന് ഉറപ്പാക്കണം,

ചർച്ച - ചോദ്യങ്ങൾ

**പുസ്തകങ്ങളിലെന്തൊക്കെയുണ്ട് ?**

പ്രവർത്തനം

കേരളം - വായനയുടെ നാഴികക്കല്ലുകൾ

പെരുമ്പടവം ശ്രീധരൻ, കുരീപ്പുഴ ശ്രീകുമാർ എന്നിവരുടെ വായനാനുഭവക്കുറിപ്പുകൾ (അനുബന്ധം .......) ക്ലാസിൽ അവതരിപ്പിക്കൽ

- സാഹിത്യ ക്വിസ് - (ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയത് - അറുപതു വർഷത്തെ സാഹിത്യ ചരിത്രസംബന്ധിയായ ചോദ്യങ്ങൾ)
- പി.മധുസൂദനന്റെ 'വായന' എന്ന കവിത പരിചയപ്പെടുത്തുന്നു.
- വായനാനുഭവം എഴുതൽ : 'വായിച്ച ഒരു പുസ്തകത്തെക്കുറിച്ച് കുട്ടികൾ വായനാനുഭവം എഴുതി അവതരിപ്പിക്കുന്നു.

  കൂടുതൽ മെച്ചപ്പെടുത്തൽ

  കൈയെഴുത്തു മാസികയിലേക്ക് ഉൾപ്പെടുത്തൽ

- കവിത കേൾപ്പിക്കൽ (കവിത ഓഡിയോ)

  കവിത ഐ.സി.ടി സാധ്യത ഉപയോഗിച്ച് കേൾപ്പിക്കുന്ന പ്രവർത്തനം

  കവിത – സച്ചിദാനന്ദന്റെ വീടിനെക്കുറിച്ചുളള അവസാനത്തെ കവിത

  കേട്ട കവിതയെക്കുറിച്ച് കുട്ടികൾ പറയുന്നു.

  - ആകർഷിച്ച വരികൾ
  - പ്രത്യേകതയുളള വരികൾ

  മുൻ ക്ലാസ്സുകളിൽ പഠിപ്പിച്ച കവിതകൾ

  കുട്ടികൾ ഗ്രൂപ്പുകളിൽ അവതരിപ്പിക്കുന്നു.

  മികച്ചവ അവതരിപ്പക്കൽ,

  കവിതയെക്കുറിച്ച് എഴുതൽ

  ആസ്വാദനക്കുറിപ്പുകളിൽ മികച്ചത്

  അവതരിപ്പിക്കൽ (രചനകൾ കൈയെഴുത്ത്

  മാസികയിലേക്ക് ചേർക്കൽ)

- ആനുകാലികരചനകളുടെ വായന

  (വിദ്യാരംഗം, മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ മികച്ച രചനകൾ, പരിചയപ്പെടൽ – വായന, ചർച്ച)

  വിദ്യാരംഗം മാസിക (2017 മാർച്ച് ലക്കം പേജ് 63, 64)യിലെ ലേഖനത്തെ ആസ്പദമാക്കിയുളള ചർച്ച (ബിഥോവനും അന്ധബാലികയും)

  ശാരീരികമായി നമുക്കുണ്ടാകുന്ന കുറവുകളോ വൈകല്യങ്ങളോ ഒന്നുംതന്നെ നമ്മുടെ ജീവിതത്തിന്റെ മുന്നോട്ടുളള പ്രയാണത്തിന് ഒരിക്കലും തടസ്സമാകരുത്.

  ലേഖനത്തിലെ മേൽസൂചിപ്പിച്ച കാര്യവുമായി ബന്ധപ്പെടുത്തി ക്ലാസ്സിൽ ചർച്ച, തുടർന്ന്

- കുട്ടികളുടെ സ്വതന്ത്രമായ കഥാരചന ക്ലാസ്സിൽ നടക്കുന്നു.
- അഭിനയ മുഹൂർത്തങ്ങൾ കണ്ടെത്തി കുട്ടികൾ ഗ്രൂപ്പുകളായി അവതരിപ്പിക്കുന്നു.
- കൂടുതൽ പ്രവർത്തനങ്ങൾ – ഒ.എൻ.വി.യുടെ 'നിലാവിന്റെ ഗീതം' എന്ന കവിതകൂടി പരിചയപ്പെടുത്തണം. ഇ-വായനയുടെ സാധ്യതകൾ ഉദാഹരണങ്ങളിലൂടെ അവതരിപ്പിക്കണം.

***ജൂലൈ 21 –ചാന്ദ്ര ദിനം– അമ്പിളിക്കാലം***

ശാസ്ത്രസാഹിത്യത്തെ അറിയാം

<u>പ്രവർത്തനം</u>

മലയാളഭാഷയും ശാസ്ത്രസാഹിത്യവും

(ഈ വിഷയത്തെ ആസ്പദമാക്കി ടീച്ചറുടെ അവതരണത്തിന്)

മലയാള സാഹിത്യത്തിൽ വളരെയേറെ വികാസം പ്രാപിച്ച ഒരു ശാഖയാണ് ശാസ്ത്രസാഹിത്യം. കേരളജനതയിൽ ശാസ്ത്രാവബോധമുണർത്തുന്നതിൽ ഇത്തരം ഗ്രന്ഥങ്ങൾ വലിയ പങ്കു വഹിച്ചിട്ടുണ്ട്. ശാസ്ത്രത്തെ സരളവും ലളിതവുമായി പരിചയപ്പെടുത്തുക, അന്ധവിശ്വാസത്തെയകറ്റി യുക്തിയുക്തമായി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുക, മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെന്ന ബോധമുണർത്തുക, ശാസ്ത്രത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള പ്രേരണയുണ്ടാക്കുക തുടങ്ങിയ ധർമ്മങ്ങളാണ് ഇത്തരം ഗ്രന്ഥങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. കേരളശാസ്ത്രസാഹിത്യപരിഷത്ത്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സംഭാവനകൾ എടുത്തു പറയേണ്ടതാണ്. നവോത്ഥാന കേരളം തൂത്തെ

റിഞ്ഞ പല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പല രൂപത്തിലും ഭാവത്തിലും തിരിച്ചുവരാൻ തിരക്കുകൂട്ടുമ്പോൾ പുതിയ തലമുറ കരുതലോടെ അതിനെ പ്രതിരോധിക്കേണ്ടതുണ്ട്. അതിനു ശാസ്ത്രസാഹിത്യ രചനകളുടെയും പ്രസിദ്ധീകരണങ്ങളുടെയും വായന അവർക്കു പിന്തുണ നൽകും.

**മുൻകൂട്ടി നൽകേണ്ട പ്രവർത്തനം**

ജൂലൈ 21 -ചാന്ദ്രദിനത്തിനു മുന്നോടിയായി ജൂലൈ മാസം രണ്ടാമത്തെ ആഴ്ചയിൽ കുട്ടികൾക്ക് ശാസ്ത്രസാഹിത്യഗ്രന്ഥങ്ങൾ വിതരണം ചെയ്യണം. സ്കൂൾ ലൈബ്രറിയിലെ ശാസ്ത്രപുസ്തകങ്ങൾ ശാസ്ത്രാദ്ധ്യാപകരുടെ സഹായത്തോടെ തെരഞ്ഞെടുക്കണം. സമീപത്തുള്ള വായനശാലയുടെ സഹകരണവും ഇക്കാര്യത്തിൽ തേടാവുന്നതാണ്.(പുസ്തകം കടം വാങ്ങൽ പദ്ധതി)

പുസ്തകങ്ങളുടെ വായനക്കുറിപ്പുകൾ തയ്യാറാക്കാൻ നിർദ്ദേശം കൊടുക്കണം. ജൂലൈ 21 ന് മികച്ച വായനക്കുറിപ്പുകൾ തിരഞ്ഞെടുത്ത് സമ്മാനം നൽകണം. ഏറ്റവും മികച്ച വായനക്കുറിപ്പ് ക്ലാസ്സ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം. സ്കൂളിലെ വിവിധ ക്ലാസ്സുകളിലെ വായനക്കുറിപ്പുകൾ ശേഖരിച്ച് മികച്ചവയ്ക്ക് ശാസ്ത്രപുസ്തകങ്ങൾ സമ്മാനമായി നൽകാവുന്നതാണ്.

**അനുബന്ധപ്രവർത്തനം**

ശാസ്ത്രകാരൻമാരുടെ ജീവിതകഥകൾ വായിച്ച് അവരുടെ ജീവിതത്തിലെ അനർഘനിമിഷങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കാം.

(വായനക്കുറിപ്പുകൾ എന്റെ കൈയെഴുത്ത് മാസികയിലുൾപ്പെടുത്തണം)

**റഫറൻസ് ഗ്രന്ഥങ്ങൾ**

1. ശാസ്ത്രസാഹിത്യം മലയാളത്തിൽ- കാവുമ്പായി ബാലകൃഷ്ണൻ (കേരള ശാസ്ത്രസാഹിത്യപരിഷത്ത്)
2. ശാസ്ത്രകഥാസാഗരം- പ്രൊഫ. എസ് ശിവദാസ് (ഡി.സി. ബുക്സ്)
3. 25 മഹാശാസ്ത്രപ്രതിഭകൾ- ഡോ. സി. ജി. രാമചന്ദ്രൻനായർ (ചിന്ത പബ്ലിഷേഴ്സ്)

**ആഗസ്റ്റ് -15 - സ്വാതന്ത്ര്യദിനം- സ്വാതന്ത്ര്യപ്പുലരി**

1. സ്വാതന്ത്ര്യദിനാഘോഷങ്ങൾക്കു മുന്നോടിയായി സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട കവിതകളും ഗാനങ്ങളും ശേഖരിക്കണം. അവയിൽ നിന്നു തിരഞ്ഞെടുത്തവ ക്ലാസ്സിൽ സംഘമായി ആലപിക്കണം.
2. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ഏതെങ്കിലും സ്ഥലങ്ങളോ സ്മാരകങ്ങളോ സന്ദർശിച്ച് യാത്രക്കുറിപ്പു തയ്യാറാക്കണം.
3. സ്വാതന്ത്ര്യസമര യോദ്ധാക്കളെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ പോസ്റ്ററുകൾ തയ്യാറാക്കി ലൈബ്രറിയിൽ സ്ഥിരപ്രദർശനത്തിനു സജ്ജമാക്കണം.
4. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിച്ച് കുറിപ്പു തയ്യാറാക്കി അവതരിപ്പിക്കണം.

**സഹായകഗ്രന്ഥങ്ങൾ**

1. ഇന്ത്യൻ സ്വാതന്ത്ര്യസമരം കുട്ടികൾക്ക്- സംസ്ഥാനബാലസാഹിത്യ ഇൻസിസ്റ്റിറ്റ്യൂട്ട്
2. സ്വാതന്ത്ര്യസമര യോദ്ധാക്കൾ- ചേപ്പാട് ഭാസ്കരൻ നായർ (കറന്റ് ബുക്സ്)
3. സ്വാതന്ത്ര്യസമരഗീതങ്ങൾ- സാഹിത്യ അക്കാദമി, ന്യൂഡൽഹി
4. നാം ചങ്ങല പൊട്ടിച്ച കഥ- കെ. തായാട്ട് (ഡി.സി. ബുക്സ്)

**ചിങ്ങം ഒന്ന്- മലയാൺമ**

കേരളീയരുടെ പുതുവർഷപ്പിറവിയാണ് ചിങ്ങം ഒന്ന്- കേരളീയ പ്രകൃതിയെയും സംസ്കാരത്തെയുംകുറിച്ചു ചർച്ച ചെയ്യാൻ ഈയവസരം നമുക്കു പ്രയോജനപ്പെടുത്താം.

1. ഓണം, കേരളത്തിലെ കാർഷികരംഗം എന്നിവയുമായി ബന്ധപ്പെട്ട നാടൻപാട്ടുകൾ ശേഖരിക്കുന്നു. പുസ്തകങ്ങളിൽ നിന്നുള്ള ശേഖരണത്തെക്കാൾ പ്രാധാന്യം നൽകേണ്ടത് പാട്ടറിയാവുന്നവരിൽ നിന്നു നേരിട്ടുള്ള ശേഖരണമാണ്. ശേഖരിച്ച പാട്ടുകൾ ക്ലാസിൽ സംഘമായി ആലപിക്കണം. അവ ചേർത്തു പതിപ്പുണ്ടാക്കണം. ഡി.ടി.പി. ചെയ്ത പുസ്തകരൂപത്തിൽ ബൈൻഡ് ചെയ്ത് ലൈബ്രറിയിൽ സൂക്ഷിക്കണം.
2. പ്രാദേശിക നാട്ടറിവുകൾ ശേഖരിക്കാൻ കുട്ടികൾക്കു നിർദ്ദേശം നൽകുന്നു. അവ വിഷയാടിസ്ഥാനത്തിൽ തരംതിരിച്ച് ക്ലാസ്സിൽ അവതരിപ്പിക്കുന്നു. അനുയോജ്യമായ വിദഗ്ദ്ധ മേൽനോട്ടത്തിൽ എഡിറ്റ് ചെയ്ത് നാട്ടറിവു പതിപ്പു തയ്യാറാക്കുന്നു.
3. നാട്ടുപെരുമ പുസ്തകം തയ്യാറാക്കൽ
4. കേരളീയപ്രകൃതി അന്നും ഇന്നും - മലയാളസാഹിത്യ കൃതികളെ ആധാരമാക്കി. ഈ വിഷയത്തിൽ

***സെപ്തംബർ 21 ശ്രീനാരായണഗുരുസമാധി-ഗുരു സ്മരണ***

കേരളത്തെ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽനിന്നും മോചിപ്പിക്കുന്നതിൽ നമ്മുടെ നവോത്ഥാനനായകർ വഹിച്ച പങ്കിനെപ്പറ്റി എല്ലാ കേരളീയരും അറിഞ്ഞിരിക്കേണ്ടതാണ്. അവരുടെ ജീവിതത്തെ അടുത്തറിയാനുള്ള പരിശ്രമങ്ങൾ നാം നടത്തേണ്ടതുണ്ട്. നവോത്ഥാന നായകൻമാരുടെ ജീവചരിത്ര പുസ്തകങ്ങൾ കുട്ടികൾക്കു വായിക്കാൻ നൽകണം.

ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, അയ്യങ്കാളി, തയ്ക്കാട്ട് അയ്യാവ്, വാഗ്ഭടാനന്ദൻ, പണ്ഡിറ്റ് കെ.പി. കറുപ്പൻ, കുമാരഗുരുദേവൻ, വക്കംമൗലവി, ചാവറ ഏലിയാസ് കുര്യാക്കോസച്ചൻ, സഹോദരൻ അയ്യപ്പൻ, വി. ടി. ഭട്ടതിരിപ്പാട്, ഇ.എം.എസ്, എ.കെ. ഗോപാലൻ, കെ. കേളപ്പൻ, മുഹമ്മദ് അബ്ദുറഹ്മാൻ തുടങ്ങിയവരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കാൻ നിർദ്ദേശിക്കണം. ഇവ ശേഖരിച്ച് നവോത്ഥാന കേരളം എന്ന ഒരു പതിപ്പ് തയ്യാറാക്കുക.

'ശ്രീനാരായണഗുരുവിന്റെ മാനവദർശനം ഇന്നത്തെ കേരളത്തിൽ' എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കുക. ക്ലാസ്സിലെ വിവിധ ഗ്രൂപ്പുകളായിതിരിച്ച് ഉപവിഷയങ്ങൾ നൽകുക. ഗുരുവിന്റെ കൃതികളും വചനങ്ങളും ശേഖരിച്ചുനൽകുക.

***ഒക്ടോബർ 2 -ഗാന്ധിജയന്തി- ഞാനറിയുന്ന ഗാന്ധി***

ലോകമേ തറവാടുതനിക്കീ, ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ,
ത്യാഗമെന്നതേനേട്ടം: താഴ്മതാനഭ്യുന്നതി
യോഗവിത്തേവം ജയിക്കുന്നതെൻ ഗുരുനാഥൻ
താരകാ മണിമാല ചാർത്തിയാലതും കൊള്ളാം!
കാറണിച്ചളി നീളെപ്പുരണ്ടാലതും കൊള്ളാം;
ഇല്ലിഹ സംഗം ലേപമെന്നിവ; സമസ്വച്ഛമല്ലയോ
വിഹായസ്സവ്വണ്ണമെൻ ഗുരുനാഥൻ
(എന്റെ ഗുരുനാഥൻ - സാഹിത്യമഞ്ജരി)

- വള്ളത്തോൾ നാരായണ മേനോൻ

മഹാത്മാഗാന്ധിയുടെ ആദർശവും മാതൃകയും കൂടുതൽ പ്രസക്തമാകുന്ന ഈ വർത്തമാന കാലത്ത് അദ്ദേഹത്തെ കൂടുതൽ അടുത്തറിയാൻ കുട്ടികൾക്ക് അവസരമൊരുക്കേണ്ടതുണ്ട്. മഹാത്മാഗാന്ധിയെപ്പറ്റിയുള്ള എന്റെ ഗുരുനാഥൻ എന്ന കവിത ക്ലാസ്സിൽ അവതരിപ്പിക്കുന്നു. (ചൊല്ലി അവതരിപ്പിക്കാൻ പറ്റിയില്ലെങ്കിൽ യേശുദാസ് ആലപിച്ചത് യൂടൂബിൽ നിന്ന് എടുത്തു കേൾപ്പിക്കുക)

***പ്രവർത്തനങ്ങൾ***

1. മഹാത്മാഗാന്ധിയുടെ ലളിത ജീവിതം, സ്വാശ്രയത്വം, ശുചിത്വദർശനം എന്നിവ നമ്മുടെ നിത്യജീവിതത്തിൽ എങ്ങനെ പ്രാവർത്തികമാക്കാം എന്നതിനെപ്പറ്റി ചർച്ച. തുടർന്ന് ഈ വിഷയത്തെ ആസ്പദമാക്കി കഥ, കവിത, ലേഖന രചന.
2. മഹാത്മാഗാന്ധിയുടെ ജീവിതത്തിൽ നിന്നൊരേട്- ഏകാംഗാഭിനയം (പുസ്തകങ്ങൾ വായിച്ച് സന്ദർഭം തെരെഞ്ഞെടുക്കണം)
3. മഹാത്മാഗാന്ധി എന്റെ കണ്ണിൽ - പെയിന്റിങ്, കാർട്ടൂൺ, കാരിക്കേച്ചർ രചന (താൽപര്യമുള്ളവരെ മാത്രം പങ്കെടുപ്പിച്ചാൽ മതി)
4. ദക്ഷിണാഫ്രിക്കയിലെ മഹാത്മാഗാന്ധി- മഹാത്മാഗാന്ധിയുടെ ദക്ഷിണാഫ്രിക്കൻ പ്രവർത്തനങ്ങളെപ്പറ്റിയുള്ള അനുഭവങ്ങൾ വായിച്ച് വായനാനുഭവം പങ്കുവെയ്ക്കൽ.

## പുസ്തകങ്ങൾ

***എൻ.വി.കൃഷ്ണവാരിയർ***

പുസ്തകങ്ങളിലെന്തൊക്കെയുണ്ട് ?
പുസ്തകങ്ങളിൽ വിസ്മയമുണ്ട് !
പുസ്തകങ്ങളിലാനന്ദമുണ്ട് ;
പുസ്തകങ്ങളിൽ വിജ്ഞാനമുണ്ട് !

പുസ്തകങ്ങളിലെന്തൊക്കെയുണ്ട് ?
പുസ്തകങ്ങളിൽ വിസ്മയമുണ്ട് !
നമ്മളെപ്പോലോരുത്തനീ മണ്ണിൻ
ബന്ധനം വിട്ടുയർന്നതാം കാര്യം,
വെന്തെരിയുന്ന റോക്കറ്റിലേറി
ചന്ദ്രനിൽ ചെന്നിറങ്ങിയ കാര്യം,
ചാടിയോടിക്കളിച്ചു കൂത്താടി
ചന്ദ്രപ്പാറ പെറുക്കിയ കാര്യം,
വാഹനമേറി വീണ്ടുമിങ്ങെത്തി
വാരിധിയിലിറങ്ങിയ കാര്യം,
ദൂരദർശനപ്പെട്ടിയിൽ നാട്ടാർ
ധീരതയിതു കണ്ടതാം കാര്യം ;
പുസ്തകങ്ങളിലിമ്മട്ടിലെത്ര
വിസ്മയങ്ങൾ നിറഞ്ഞിരിക്കുന്നു !

പുസ്തകങ്ങളിൽപ്പിന്നെയെന്തുണ്ട് ?
പുസ്തകങ്ങളിലാനന്ദമുണ്ട് !

രാജപുത്രൻ കരബലത്താലേ
രാജപുത്രിയെ വേട്ടതാം കാര്യം,
രണ്ടാമമ്മതന്നേഷണിമൂലം
രണ്ടുപേരും വനം ചേർന്ന കാര്യം,
ദുഷ്ടരാക്ഷസൻ സുന്ദരിയാളെ -
ക്കട്ടു കോട്ടയിൽ പൂട്ടിയ കാര്യം,
കാനനങ്ങളിൽ രാജകുമാരൻ
കാന്തയേത്തേടി ക്ലേശിച്ച കാര്യം,
ശത്രുവെച്ചെന്നു നേരിട്ടുകൊന്നു
പത്നിയെ വീണ്ടെടുത്തതാം കാര്യം,
പുസ്തകങ്ങളിലാനന്ദമേകു -
മെത്രയെത്ര കഥകളുണ്ടെന്നോ !
പുസ്തകങ്ങളിൽ വേറെയെന്തുണ്ട് ?
പുസ്തകങ്ങളിൽ വിജ്ഞാനമുണ്ട് !
ആദിമാബ്ധിജലത്തിലന്നെന്നോ
ജീവബിന്ദു നുരഞ്ഞതാം കാര്യം,
ഒന്നനേകമായ്, സൂക്ഷ്മം മഹത്തായ് -
പ്പിന്നെ ജീവൻ വളർന്നതാം കാര്യം,
ശ്ലിഷ്ടമാം പരിണാമസോപന -
ത്തട്ടിൽ മേല്പ്പോട്ടതേറിയ കാര്യം,
മർത്ത്യനിൽ സ്വയം ബോധത്തെ നേടി
സൃഷ്ടിസാഫല്യമാർന്നതാം കാര്യം,
ജ്ഞാനപൂർത്തിയിൽ ജീവിതസത്യം
മാനവൻ കാണുമെന്നുള്ള കാര്യം,
പുസ്തകങ്ങളിൽ സഞ്ചിതമത്രേ
മർത്ത്യവിജ്ഞാന സാരസർവ്വസ്വം !